www.cdit.org

സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് ഇമേജിങ്ങ് ടെക്നോളജി

തിരുവല്ലം, തിരുവനന്തപുരം 695 027

ഫോൺ: 0471 2380910/912 ഫാക്സ്:04712380681

നം. സിഡിറ്റ്/അഡ്മിൻ/2018-19/T057 4/9/2018

**<u>ദർഘാസ് പരസ്യം</u>**

സിഡിറ്റിന്റെ തിരുവല്ലം സ്റ്റാച്യൂ ക്യാമ്പസുകളിലുള്ള ക്യാന്റീൻ ഒരു വർഷത്തേക്ക് ഏറ്റെടുത്ത് നടത്തുന്നതിന് പരിചയ സമ്പന്നരായ കരാറുകാരിൽ നിന്നും മുദ്രവച്ച ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസുകൾ നിർദ്ദിഷ്ട ഫാറത്തിൽ രജിസ്ട്രാർ, സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം തിരുവനന്തപുരം- 27 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കാവുന്നതാണ്. ദർഘാസുകൾ സമർപ്പിക്കുന്ന കവറിന് മുകളിൽ "***സിഡിറ്റ് ക്യാന്റീൻ ഏറ്റെടുത്ത് നടത്തുന്നതിനുള്ള ദർഘാസ്***" എന്നു രേഖപ്പെടുത്തിയിരിക്കണം. ദർഘാസുകൾ സമർപ്പിക്കേണ്ട അവസാനതീയതി 19/9/2018 3 pm.

ദർഘാസുകൾ 19.09.2018 3.30 pm ന് ദർഘാസ് സമർപ്പിച്ചവരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങളും ദർഘാസ് ഫാറവും സിഡിറ്റിന്റെ ഹെഡ് ഓഫീസിൽ ലഭ്യമാണ്. കൂടാതെ വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

തിരുവല്ലം ഒപ്പ്

4-9-2018 രജിസ്ട്രാർ

## പൊതുവായ നിബന്ധനകൾ

1. ഈ ദർഘാസ് സിഡിറ്റിന്റെ തിരുവല്ലത്തുള്ള മെയിൻ ക്യാമ്പസിലെ ക്യാന്റീൻ ഒരു വർഷത്തേക്ക് ഏറ്റെടുത്ത് നടത്തുന്നതിനായിട്ടാണ് ക്ഷണിച്ചിട്ടുള്ളതാണ്. കൂടാതെ സ്റ്റാച്ച്യൂവിലുള്ള സിഡിറ്റിന്റെ സിറ്റി സെന്ററിൽ രാവിലെയും വൈകുന്നേരവും ചായയും പലഹാരങ്ങളും ഉച്ചയ്ക്കുള്ള ഊണും നൽകാനുള്ള ക്രമീകരണം ദർഘാസ് ലഭിക്കുന്ന കരാറുകാരൻ ഏർപ്പെടുത്തേണ്ടതാണ്.

2. യാതൊരു കാരണവും കാണിക്കാതെ ദർഘാസ് സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനുള്ള അധികാരം സിഡിറ്റിൽ നിക്ഷിപ്തമായിരിക്കും .

3. യോഗ്യത മാനദണ്ഡങ്ങൾ

a. ദർഘാസ് സമർപ്പിക്കുന്നവർക്ക് ദിവസേന 50 ആളുകൾക്ക് വേണ്ട ഭക്ഷണം നൽകുന്ന ക്യാന്റീൻ നടത്തി മുൻപരിചയമുള്ളവരായിരിക്കണം.

b. സർക്കാർ/മറ്റ് സ്ഥാപനങ്ങളിൽ നിന്ന് കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയവരായിരിക്കരുത്.

c. സി-ഡിറ്റിൽ മുൻപ് കാന്റീൻ നടത്തിയശേഷം കരാർ റദ്ദാക്കപ്പെട്ടവർ അപേക്ഷിക്കേണ്ടതില്ല.

4. നിരതദ്രവ്യം

ദർഘാസിനൊപ്പം 2000/- രൂപ നിരതദ്രവ്യമായി സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം വയ്ക്കാത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. നിരതദ്രവ്യം രജിസ്ട്രാർ, സിഡിറ്റ് എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന വിധത്തിൽ ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കാവുന്നതാണ്.

നിരതദ്രവ്യത്തിന് പലിശ നൽകുന്നതല്ല. ദർഘാസ് ലഭിച്ച വ്യക്തിക്ക് വർക്ക് ഓർഡർ നൽകിയതിനു ശേഷം ദർഘാസ് ലഭിക്കാത്തവരുടെ നിരതദ്രവ്യം മടക്കി നൽകുന്നതായിരിക്കും. നിരതദ്രവ്യം സമർപ്പിക്കുന്നതിൽ നിന്നും ഇളവുള്ളവർ ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ ദർഘാസ് റദ്ദു ചെയ്യുന്നപക്ഷം ദർഘാസിൽ പങ്കെടുത്ത എല്ലാവരുടെയും നിരതദ്രവ്യം മടക്കി നൽകുന്നതായിരിക്കും.

ദർഘാസിൽ പങ്കെടുത്ത് ഏതെങ്കിലും ഒരു വ്യക്തി ദർഘാസിൽ നിന്നു പിൻവാങ്ങുകയോ മാറ്റം വരുത്തുകയോ ചെയ്യുന്ന പക്ഷം നിരതദ്രവ്യം കണ്ടുകെട്ടുന്നതാണ്.

5. കരാർ

ദർഘാസ് ലഭിക്കുന്ന വ്യക്തി/സ്ഥാപനം ദർഘാസ് ലഭിച്ചതായി അറിയിപ്പു ലഭിച്ച് ഏഴ് ദിവസത്തിനകം നിർദ്ദിഷ്ട മാതൃകയിൽ ക്യാന്റീൻ നടത്തിപ്പിനായുള്ള വ്യവസ്ഥകൾ അടങ്ങുന്ന കരാർ ഒപ്പിടേണ്ടതാണ്.

6. കരുതൽ നിക്ഷേപം

ദർഘാസ് ലഭിക്കുന്ന വ്യക്തി/സ്ഥാപനം ദർഘാസ് ലഭിച്ചതായി അറിയിപ്പ് ലഭിച്ച് ഏഴ് ദിവസത്തിനകം കരുതൽ നിക്ഷേപമായി 20000 രൂപ സിഡിറ്റിൽ ഒടുക്കേണ്ടതാണ്.

ഈ കരുതൽ നിക്ഷേപം ക്യാന്റീൻ നടത്തിപ്പിനായുള്ള കരാർ കാലാവധി അവസാനിച്ച് ഒരു മാസത്തിനകം തിരികെ നൽകുന്നതാണ്.

7. ക്യാന്റീൻ നടത്തുന്നതിന് സിഡിറ്റ് നൽകുന്ന സൗകര്യങ്ങൾ.

(a). ക്യാന്റീൻ കെട്ടിടം
ഫർണിച്ചർ -മേശ, കസേര മുതലായവ
പാത്രങ്ങൾ - പ്ലേറ്റ് ഗ്ലാസ്സ് മുതലായവ
ഫാൻ
ട്യൂബ് ലൈറ്റുകൾ
ആധുനിക അടുക്കള/പാചക ഉപകരണങ്ങൾ

ടി സൗകര്യങ്ങൾ പൂർണ്ണമായും വാടകരഹിതമായിട്ടാണ് നൽകുന്നത്. ടി ഉപകരണങ്ങൾ സുരക്ഷിതമായി കേടു കൂടാതെ സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം കരാറുകാരനായിരിക്കും. ടി ഉപകരണങ്ങൾക്ക് എന്തെങ്കിലും കേടുപാടുകൾ സംഭവിക്കുന്ന പക്ഷം നന്നാക്കിയെടുക്കുന്നതിനുള്ള ഉത്തരവാദിത്വം കരാറുകാരനായിരിക്കും. കൂടുതലായി എന്തെങ്കിലും പാത്രങ്ങളോ ഉപകരണങ്ങളോ ആവശ്യമായി വരുന്ന പക്ഷം ക്യാന്റീൻ മാനേജിംഗ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതായിരിക്കും.

b. വൈദ്യുതി : ക്യാന്റീൻ പ്രവർത്തിക്കാൻ ആവശ്യമായ വൈദ്യുതി സിഡിറ്റ് നൽകുന്നതായിരിക്കും. ഇതിൽ മാസത്തിൽ 100 യൂണിറ്റ് വരെയുള്ള വൈദ്യുതി സൗജന്യമായും ബാക്കി ഉപയോഗിച്ച വൈദ്യുതിയുടെ ചാർജ്ജ് കരാറുകാരൻ വഹിക്കേണ്ടതാണ്. ക്യന്റീനിൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചെലവ് കണക്കാക്കുന്നതിന് ക്യാന്റീൻ കെട്ടിടത്തിൽ സി-ഡിറ്റ് പ്രത്യേകം മീററർ സ്ഥാപിച്ചിട്ടുള്ളതും അതാതു സമയത്തെ വൈദ്യുതി തുക അറിയിക്കുന്ന മുറയ്ക്ക് ഓരോ മാസവും കരാറുകാരൻ ഓഫീസിൽ അടയ്ക്കേണ്ടുമാണ്.

c. ജലം: ക്യാന്റീൻ നടത്തിപ്പിനാവശ്യമായ ജലം സിഡിറ്റ് സൗജന്യമായി ലഭ്യമാക്കുന്നതാണ്.

d. പാചകവാതകം : പാചക വാതക കണക്ഷൻ സി-ഡിറ്റ് നൽകുന്നതായിരിക്കും. സിലിണ്ടറുകൾ കരാറുകാരൻ സ്വന്തം ചിലവിൽ നിറച്ച് ഉപയോഗിക്കേണ്ടതാണ്.

8. ക്യാന്റീൻ മാനേജിംഗ് കമ്മിറ്റി

ക്യാന്റീന്റെ സുഗമമായ പ്രവർത്തനത്തിന്റെ മേൽ നോട്ടത്തിനായി സി-ഡിറ്റ് നിയോഗിക്കുന്ന ഒരു കമ്മിറ്റിയുമുണ്ടായിരിക്കും.

ഈ കമ്മിറ്റിയെടുക്കുന്ന തീരുമാനങ്ങൾ അനുസരിക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.

ക്യാന്റീന്റെ ശുചിത്വം, വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം എന്നിവയുടെ പരിശോധന ഈ കമ്മിറ്റിയുടെ ചുമതലയായിരിക്കും.

9. ദർഘാസിനൊപ്പം സമർപ്പിക്കുന്ന രേഖകൾ

ദർഘാസ് ഫാറം

നിരതദ്രവ്യം ഡിമാന്റ് ഡ്രാഫ്റ്റ് ആയി

ചരക്ക് സേവന നികുതി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (ഉണ്ടെങ്കിൽ മാത്രം)

പാൻ (PAN) കാർഡിന്റെ പകർപ്പ്

ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള സർട്ടിഫിക്കറ്റ്

പരിചയം തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളുടെ പകർപ്പ്

ദർഘാസിനൊപ്പം സമർപ്പിക്കുന്ന രേഖകളുടെ കൃത്യതയും ആധികാരികതയും ദർഘാസ് സമർപ്പിക്കുന്നവർ ഉറപ്പുവരുത്തേണ്ടതാണ്. സമർപ്പിച്ച രേഖകൾ വ്യാജമാണെന്ന് പിന്നീട് തെളിഞ്ഞാൽ വർക്ക് ഓർഡർ റദ്ദാക്കുന്നതും കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതുമാണ്.

10. ദർഘാസിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർക്ക് സിഡിറ്റിന്റെ ക്യാന്റീനും പരിസരവും സിറ്റി ഓഫീസും പരിശോധിക്കാവുന്നതും ലഭ്യമായ സൗകര്യങ്ങളെ സ്വയം കണ്ട് ബോധ്യപ്പെടാവുന്നതുമാണ്.

11. ദർഘാസ് സമർപ്പിക്കാനുള്ള അവസാന തീയതിക്കുമുമ്പ് ദർഘാസ് വ്യവസ്ഥകളിൽ ആവശ്യമെന്ന് ബോധ്യപ്പെടുന്ന പക്ഷം ഭേദഗതി വരുത്താവുന്നതാണ്. ഇത്തരം ഭേദഗതികൾ സിഡിറ്റിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതുമാണ്.

12. ഈ ദർഘാസ് സംബന്ധിച്ച് എന്തെങ്കിലും വ്യവഹാരങ്ങൾ ഉണ്ടാകുന്നപക്ഷം അത് തിരുവനന്തപുരം ജില്ലയിലെ കോടതികളുടെ അധികാര പരിധിയിൽ ആയിരിക്കും.

13. ഈ ദർഘാസിനെ സംബന്ധിച്ച് കുടുതൽ വിവരങ്ങൾക്കും സംശയ നിവാരണത്തിനുമായി ശ്രീ. കെ ശ്രീകണ്ഠൻ നായർ (സീനിയർ മാനേജർ, അഡ്മിനിസ്ട്രേഷൻ) 9895052000 നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

**ദർഘാസ് സമർപ്പിക്കാനുള്ള അവസാന തീയതി 19/9/2018 3.00 പിഎം**

**ദർഘാസ് തുറന്നു പരിശോധിക്കുന്ന തീയതി 19/9/2018 3.30 പിഎം**

തിരുവല്ലം ഒപ്പ്

4-9-2018 രജിസ്ട്രാർ

## കരാർ നിബന്ധനകൾ

1. സാധാരണ ഭക്ഷണ സമയങ്ങളിലും ലഘുഭക്ഷണങ്ങൾ നൽകാൻ കഴിയേണ്ടതാണ്.
2. തിരുവല്ലത്തെ ക്യാന്റീൻ പ്രവർത്തന സമയം പ്രവൃത്തി ദിവസം രാവിലെ 7.00 മണി മുതൽ രാത്രി 7. മണിവരെയാണ്. സിറ്റി ഓഫീസിലെ ക്യാൻറീൻ പ്രവൃത്തി സമയം രാവിലെ 9 മണി മുതൽ രാത്രി 7 മണിവരെ.
3. പാചക വാതക കണക്ഷൻ സി-ഡിറ്റ് നൽകുന്നതായിരിക്കും. സിലിണ്ടറുകൾ കരാറുകാരൻ സ്വന്തം ചിലവിൽ നിറച്ച് ഉപയോഗിക്കേണ്ടതാണ്.
4. ക്യാന്റീൻ പ്രവർത്തനത്തിന് ആവശ്യമായ ജലവും പ്രതിമാസം 100 യൂണിറ്റ് വരെ വൈദ്യുതിയും സിഡിറ്റ് നൽകും. അധികം വരുന്ന വെദ്യുതി ചെലവ് കോൺട്രാക്ടർ വഹിക്കേണ്ടതാണ്. ക്യന്റീനിൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചെലവ് കണക്കാക്കുന്നതിന് ക്യാന്റീൻ കെട്ടിടത്തിൽ സി-ഡിറ്റ് പ്രത്യേകം മീററർ സ്ഥാപിച്ചിട്ടുള്ളതും അതാതു സമയത്തെ വൈദ്യുതി തുക അറിയിക്കുന്ന മുറയ്ക്ക് ഓരോ മാസവും കരാറുകാർ ഓഫീസിൽ അടയ്ക്കേണ്ടുമാണ്.
5. ക്യാന്റീൻ പരിസരവും കൗണ്ടറുകൾ വൃത്തിയായും ശുചിയായും സൂക്ഷിക്കേണ്ടതാണ്. കേരള സർക്കാരിന്റെ പ്ലാസ്റ്റിക് ഉപയോഗം സംബന്ധിച്ചുള്ള നിബന്ധനകൾ കരാറുകാർ കൃത്യമായും പാലിക്കേണ്ടതാണ്
6. ലഹരി പദാർത്ഥങ്ങൾ, നിരോധിച്ചിട്ടുള്ള ആഹാരസാധനങ്ങൾ എന്നിവ യാതൊരു കാരണവശാലും ക്യാന്റീനിൽ സൂക്ഷിക്കുവാനോ വിതരണം നടത്തുവാനോ പാടുള്ളതല്ല.
7. ക്യാന്റീൻ ജീവനക്കാർ എല്ലാവരും ഡ്യൂട്ടിസമയത്ത് യൂണിഫോം ധരിക്കേണ്ടതാണ്. ഹെൽത്ത് കാർഡ് ഉള്ളവരായിരിക്കണം.
8. ഓഫീസിലും ക്യാന്റീനിലും അച്ചടക്കവും കൃത്യനിഷ്ടയും ഉറപ്പുവരുത്തുന്നതിനും മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനും സിഡിറ്റിന്റെ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായിട്ടായിര്ക്കണം ക്യാന്റീൻ പ്രവർത്തിപ്പിക്കേണ്ടത്.
9. ക്യാന്റീനിലെ ദൈനംദിന പ്രവർത്തനങ്ങൾ സംബന്ധിച്ച് മാനേജ്മെന്റും ക്യാന്റീൻ കമ്മിറ്റിയും നൽകുന്ന നിർദ്ദേശങ്ങൾ /പരാതികൾ കരാറുകാരൻ സ്വീകരിക്കേണ്ടതും അതനുസരിച്ച് പ്രവർത്തിക്കേണ്ടതുമാകുന്നു.
10. ഏതെങ്കിലും കാരണത്താൽ കരാർ കാലാവധിക്കു മുമ്പ് ക്യാന്റീനിന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കേണ്ടതായി കാണുന്നപക്ഷം സിഡിറ്റിന്റെ ഭാഗത്തു നിന്നോ കരാറുകാരന്റെ ഭാഗത്തുനിന്നോ ഒരു മാസം മുൻപ് നോട്ടീസ് നൽകി ഇക്കാര്യം അറിയിച്ചിരിക്കേണ്ടതാണ്.
11. ക്യാന്റീനിൽ നിയോഗിക്കപ്പെടുന്ന തൊഴിലാളികളുടെ തൊഴിൽപരമായ ഉത്തരവാദിത്വം വക ബാദ്ധ്യതകളും പൂർണ്ണമായും കരാറുകാരിൽ നിക്ഷിപ്തമായിരിക്കും. ഇക്കാര്യത്തിൽ സിഡിറ്റിന് യാതൊരുവിധ ബാദ്ധ്യതകളും ഉണ്ടായിരിക്കുന്നതല്ല.
12. ക്യാന്റീൻ നടത്തിപ്പിനാവശ്യമായ ലൈസൻസ് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും കരാറുകാരൻ സ്വന്തം ചിലവിൽ എടുക്കേണ്ടതാണ്.
13. ക്യാന്റീനിൽ വിതരണം ചെയ്യുന്ന ആഹാര പദാർത്ഥങ്ങൾക്ക് ഗുണനിലവാരം ഇല്ലെന്ന് സിഡിറ്റിന് ബോദ്ധ്യപ്പെട്ടാൽ ക്യാന്റീൻ പ്രവർത്തനം ഉടനടി അവസാനിപ്പിക്കുവാൻ സിഡിറ്റിന് ആവശ്യപ്പെടാവുന്നതും അതനുസരിക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനുമാണ്.
14. മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കപ്പെടേണ്ടതാണ്. മാലിന്യ സംസ്ക്കരണത്തിന് ദർഘാസുകാരൻ ഏർപ്പെടുത്തുന്ന സംവിധാനം എന്താണെന്നുള്ളത് വിശദമായി ദർഘാസിൽ പറയേണ്ടതും അല്ലാത്ത ദർഘാസുകൾ നിരസിക്കുന്നതുമായിരിക്കും.
15. വില്പന നടത്തുന്ന ഭക്ഷണ പാനീയങ്ങളുടെ വിലവിവരപ്പട്ടിക നിർബന്ധമായും ക്യാന്റീനിൽ പ്രദർശിപ്പിക്കേണ്ടതാണ്.

www.cdit.org

സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് ഇമേജിങ്ങ് ടെക്നോളജി

തിരുവല്ലം, തിരുവനന്തപുരം 695 027

ഫോൺ: 0471 2380910/912 ഫാക്സ്:04712380681

## ക്യാന്റീൻ കരാറടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തുന്നതിനുള്ള

## ദർഘാസ് ഫാറം

1. ദർഘാസുകാരന്റെ പേര് :

2. മേൽവിലാസം :

3. ഫോൺ/മൊബൈൽ നം. :

4. നിരതദ്രവ്യം അടച്ചതിന്റെ വിശദാംശങ്ങൾ :

| ഡി.ഡി.നം. | തീയ്യതി | ബാങ്കും/ബ്രാഞ്ചും | തുക |
|---|---|---|---|
| | | | |

5. ദർഘാസുകാരൻ വ്യക്തിയാണോ :
   സ്ഥാപനമാണോ

(യ) സ്ഥാപനമെങ്കിൽ രജിസ്ട്രേഷൻ നമ്പറും
വിശദാംശങ്ങളും

6. ചരക്ക് സേവന നികുതി (GST) :
രജിസ്ട്രേഷൻ നം.

7. പാൻ (PAN) :

8. ബാങ്കിന്റെ വിവരങ്ങൾ :

9. മുൻ പരിചയത്തിന്റെ വിശദാംശങ്ങൾ :

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് | | പരിചയം (വർഷത്തിൽ) |
|---|---|---|---|---|
| | | മുതൽ | വരെ | |
| | | | | |

10. പ്രസക്തമായ മറ്റു വിവരങ്ങൾ

സ്ഥലം ഒപ്പ്

തീയ്യതി പേര്

## അനുബന്ധം 1

| ക്രമ നമ്പർ | ഭക്ഷണ വസ്തുവിന്റെ പേര് | അളവ് | നിരക്ക് | |
|---|---|---|---|---|
| | | | സ്റ്റാഫിന് | മറ്റുള്ളവർക്ക് |
| 1 | ചായ | 150 ml | | |
| 2 | കോഫി | 150 ml | | |
| 3 | കട്ടൻ ചായ | 150 ml | | |
| 4 | കട്ടൻ കാപ്പി | 150 ml | | |
| 5 | ചായ/കാപ്പി (മധുരമില്ലാതെ) | 150 ml | | |
| 6 | ഉഴുന്നുവട/പരിപ്പ് വട | 50 g | | |
| 7 | വാഴയ്ക്കഅപ്പം | 50 g | | |
| 8 | സുഖിയൻ/മോദകം | 50 g | | |
| 9 | ബോണ്ട/ഉരുളകിഴങ്ങ് | 50 g | | |
| 10 | സാദാ ദോശ | 75 g | | |
| 11 | ഇഡ്ഡലി | 50 g | | |
| 12 | പുട്ട് | 75 g | | |
| 13 | അപ്പം | 40 g | | |
| 14 | ഇടിയപ്പം | 40 g | | |
| 15 | ചപ്പാത്തി | 50 g | | |

| | | | | |
|---|---|---|---|---|
| 16 | ഉപ്പുമാവ് (റവ) | 100 g | | |
| 17 | പത്തിരി | 50 g | | |
| 18 | പൊറോട്ട | 50 g | | |
| 19 | പൂരി | 50 g | | |
| 20 | കടലകറി | 100 g | | |
| 21 | വെജിറ്റബിൾകറി | 100 g | | |
| 22 | മുട്ടക്കറി | Hcp ap« | | |
| 23 | ഓംലെറ്റ് | Hcp ap« | | |
| 24 | ഊണ് (ചോറ്, പരിപ്പ്, സാമ്പാർ, പുളിശ്ശേരി, മോര്, രസം, രണ്ട് തൊടുകറികൾ (തോരൻ, അവിയൽ, കിച്ചടി, മെഴുക്പുരട്ടി) അച്ചാർ, പപ്പടം-1, (വലുത് -1 അല്ലെങ്കിൽ ചെറുത് 2). ചൂടുവെള്ളം) | Bh-iy-¯n\v | | |

ഒപ്പ്

പേര്

## അനുബന്ധം 2

| ക്രമ നമ്പർ | ഭക്ഷണ വസ്തുവിന്റെ പേര് | അളവ് | നിരക്ക് | |
|---|---|---|---|---|
| | | | സ്റ്റാഫിന് | മറ്റുള്ളവർക്ക് |
| 1 | നെയ്ചോറ് | | | |
| 2 | ഫ്രൈഡ്റൈസ് | | | |
| 3 | ചിക്കൻ ബിരിയാണി | | | |
| 4 | മട്ടൺ ബിരിയാണി | | | |
| 5 | ബീഫ് ബിരിയാണി | | | |
| 6 | വെജിറ്റബിൾ ബിരിയാണി | | | |
| 7 | മീൻ കറി | | | |
| 8 | മീൻഫ്രൈ | | | |
| 9 | ചിക്കൻ കറി | | | |
| 10 | ചിക്കൻ ഫ്രൈ | | | |
| 11 | മട്ടൺകറി | | | |
| 12 | മട്ടൺ ഫ്രൈ | | | |
| 13 | ബീഫ് കറി | | | |
| 14 | ബീഫ് ഫ്രൈ | | | |
| 15 | മസാല ദോശ | | | |

| | | | | |
|---|---|---|---|---|
| 16 | നെയ്യ് ദോശ | | | |
| 17 | ഊത്തപ്പം | | | |

ഒപ്പ്

പേര്